## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ലയിലെ കേരള ആയുർവേ കോഓപ്പറേറ്റീവ് സൊസൈറ്റി-തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ആയുർവേദ ആശുപത്രികളിൽ ആയുർവേദ ഔഷധങ്ങൾ വിതരണം ചെയ്യുന്നതിനുള്ള അനുമതി ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ച ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ) നം.3511/2016/തസ്വഭവ തീയതി, തിരുവനന്തപുരം 24.12.2016

പരാമർശം :- (1) സ.ഉ (സാധാ) നം.366 /14 /തസ്വഭവ ,തീയതി 10 .02 .2014

(2) സ ഉ (സാധാ) നം.3237 /2016 /തസ്വഭവ തീയതി 29 .11 .2016

(3) കേരള ആയുർവേദിക്ക് കോ-ഓപ്പറേറ്റീവ് സൊസൈറ്റി സെക്രട്ടറിയുടെ 02.12.2016 തീയതിയിലെ അപേക്ഷ

### ഉത്തരവ്

പരാമർശം (2 ) -ലെ സർക്കാർ ഉത്തരവ് പ്രകാരം കേരള ആയുർവേദിക് കോഓപ്പറേറ്റീവ് സൊസൈറ്റി നിർമ്മിക്കുന്ന മരുന്നുകളുടെ വില, ഗുണനിലവാരം,തുടങ്ങിയവ indigenous medicine കൈകാര്യം ചെയ്യുന്ന ഡി.എം.ഒ-യെയോ മറ്റു ഉയർന്ന ഉദ്യോഗസ്ഥരെയോകൊണ്ട് വിലയിരുത്തുകയും ഗുണമേന്മ പരിശോധിക്കുകയും ചെയ്യണമെന്ന വ്യവസ്ഥയിൽ.തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ആയുർവേദ ആശുപത്രികളിൽ ആയുർവേദ ഔഷധങ്ങൾ വിതരണം ചെയ്യുന്നതിന് കോഴിക്കോട് ജില്ലയിലെ കേരള ആയുർവേദിക് കോ ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയ അനുമതി ഒരു വർഷത്തേയ്ക്കു കൂടി ദീർഘിപ്പിച്ചുനൽകിയിരുന്നു

2)പരാമർശം (3) ലെ ടി സൊസൈറ്റി സെക്രട്ടറിയുടെ അപേക്ഷ സർക്കാർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2 ) സർക്കാർ ഉത്തരവ്, ഡ്രഗ്സ് കൺട്രോളറോ അദ്ദേഹം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ കേരള ആയുർവേദിക് കോ ഓപ്പറേറ്റീവ് സൊസൈറ്റി നിർമ്മിക്കുന്ന മരുന്നുകൾ പരിശോധിച്ച് വിലയും ഗുണനിലവാരവും ഉറപ്പു വരുത്തി സർട്ടിഫൈ ചെയ്യണമെന്ന വ്യവസ്ഥയിൽ അനുമതി ഒരുവർഷത്തേക്കു കൂടി ദീർഘിപ്പിക്കുന്നു എന്ന് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എ.കെ.മോഹനകുമാർ
ഗവ.ജോയിൻറ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ് തിരുവനന്തപുരം
സെക്രട്ടറി, കേരള ആയുർവേദിക് കോ ഓപ്പറേറ്റീവ് സൊസൈറ്റി
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.(പഞ്ചായത്ത് ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

**പകർപ്പ്** :-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.

ഉത്തരവിൻ പ്രകാരം

Saradadevi

സെക്ഷൻ ഓഫീസർ